കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ്-സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 യിൽ ഇളവു നല്കി വികലാംഗക്ഷേമ പ്രിന്റിംഗ് ആൻഡ് ബുക്ക് ബൈയന്റിംഗ് സഹകരണ സംഘത്തിൽ നിന്നും ആ സ്ഥാപനം സ്വന്തമായി നിർമ്മിക്കുന്ന സാധനസാമഗ്രികൾ മാത്രം നേരിട്ട് വാങ്ങുന്നതിനു അംഗന വാടികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

സ്റ്റോർസ് പർച്ചേസ്(ബി) വകുപ്പ്

സ.ഉ. (സാധ) നം. 08 /15/എസ്പിഡി

തിരുവനന്തപുരം,തീയതി:13-02-2015

പരാമർശം:തിരുവനന്തപുരം ജില്ല വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബൈയന്റിംഗ് ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 25.8.14-ലെ വിസിഎസ്/17/2014 നമ്പർ കത്ത്.

ഉത്തരവ്

ടെണ്ടർ നടപടി ക്രമങ്ങൾ പാലിയ്ക്കാതെ വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക്, ബൈയന്റിംഗ് സഹകരണ സംഘങ്ങൾ സ്വന്തമായി നിർമിക്കുന്ന പ്രിന്റിംഗ് ആന്റ് കണ്ടിജൻസി സാധനങ്ങൾ ടി സ്ഥാപനത്തിൽ നിന്നും നേരിട്ട വാങ്ങുന്നതിന് അംഗനവാടികൾക്ക് പ്രത്യേക അനുമതി നല്കണമെന്ന് പരാമർശിത കത്തിലൂടെ തിരുവനന്തപുരം ജില്ല വികലാംഗ ക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബൈയന്റിംഗ് സഹകരണ സംഘം സെക്രട്ടറി അഭ്യർഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 യിൽ ഇളവു നൽകി ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാതെ തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബൈയന്റിംഗ് സഹകരണ സംഘത്തിൽ നിന്നും ആ സ്ഥാപനം സ്വന്തമായി നിർമിയ്ക്കുന്ന പ്രിന്റിംഗ് ആൻഡ് കണ്ടിജൻസി സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് അംഗനവാടികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൽഫീജ് റ്റാജൻ ഐ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് ആന്റ് ബുക്ക് ബൈണ്ടിംഗ്,സഹകരണ സംഘം , പാപ്പനംകോട് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ജി & ഇ) തിരുവനന്തപുരം

സാമൂഹ്യനീതി(ബി) വകുപ്പ്(യു.ഒ(എഫ്)13354/ബി1/2014/സ നീ വ സഹിതം )

സി-ഡിറ്റ്,ഗോർക്കി ഭവൻ,വാൻറോസ് ജംഗ്ഷൻ,തിരുവനന്തപുരം

( സ്റ്റോർസ് പർചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് നം. ICDS/A1/8887/14 തീയതി.

സർക്കാർ ഉത്തരവിന്റെ പകർപ്പ് ...